/73615/2022

"ഭരണഭാഷ-മാതൃഭാഷ"

No.DWCDO/6302/2022-ICDS A4

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 28-12-2022
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാർക്കും,

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- ജില്ല വനിത ശിശു വികസന ഓഫീസർ മാരുടെയും പ്രോഗ്രാം ഓഫീസർമാരുടെയും അവലോകന യോഗം അറിയിപ്പ് -സംബന്ധിച്ച്:-

സൂചന:- 1) വനിത ശിശു വികസന ഡയറക്ടറുടെ 16/12/2022ലെ ICDS/A4-7717/2022 നമ്പർ കത്ത്

2) വനിത ശിശു വികസന ഡയറക്ടറുടെ 21/12/2022 ലെ യോഗ തീരുമാനം.

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വനിത ശിശു വികസന വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ ICDS പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി 2022 ഡിസംബർ 19,20,21 തീയതികളിൽ തിരുവനനന്തപുരത്തു വച്ച് നടത്തുവാൻ തീരുമാനിച്ചിരുന്ന ജില്ല വനിതാ ശിശു വികസന ഓഫീസർമാരുടെയും പ്രോഗ്രാം ഓഫീസർമാരുടെയും അവലോകന യോഗങ്ങൾ മാറ്റിവച്ചതായി സൂചന (1) പ്രകാരം അറിയിപ്പ് നൽകിയിരുന്നു. എന്നാൽ ക്രിസ്തുമസ്- മണ്ഡലകാല തിരക്കുകൾ കാരണം യാത്രാ ടിക്കെറ്റുകൾ ലഭ്യമല്ലായെന്നുള്ള പരാതികൾ ജില്ലകളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടതിനാലും ജില്ല ഓഫീസർമാർ, പ്രോഗ്രാം ഓഫീസർമാർ എന്നിവരെ കൂടാതെ ജില്ലകളിലെ സീനിയർ സുപ്രണ്ടുമാരേ കൂടി അവലോകന യോഗത്തിൽ ഉൾപ്പെടുത്തണമെന്ന സൂചന (2) പ്രകാരം ഡയറക്ടർ നിർദേശിചിരുന്നതിനാലും സൗകര്യപ്രദമായ മറ്റു ദിവസങ്ങളിലേക്ക് അവലോകനയോഗം മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

അതിൻ പ്രകാരം 2023 ജനുവരി 17,18 തീയതികളിൽ തിരുവനന്തപുരത്തു വച്ച് അവലോകനയോഗങ്ങൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ജില്ല വനിതശിശുവികസനഓഫീസർമാർ, പ്രോഗ്രാം ഓഫീസർമാർ , ജില്ലാ ഓഫീസുകളിലെയും പ്രോഗ്രാം ഓഫീസുകളിലെയും സീനിയർ സൂപ്രെണ്ടുമാർ (അഭാവത്തിൽ ജൂനിയർ സൂപ്രെണ്ടുമാർ) എന്നീ ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.

അവലോകനയോഗത്തിന്റെ ആദ്യാവസാനം വരെ എല്ലാ ഉദ്യോഗസ്ഥരുടെയും സാന്നിധ്യം ഉണ്ടായിരിക്കേണ്ടതാണ്. അവലോകനയോഗത്തിനായി ചുമതലപ്പെട്ട ഉദ്യോഗസ്ഥർ തന്നെ പങ്കെടുക്കേണ്ടതും പകരം ഉദ്യോഗസ്ഥരെ നിയോഗിക്കാൻ പാടില്ലാത്തതുമാണ്. പ്രസ്തുത അവലോകന യോഗം സംബന്ധിച്ച വിശദാംശങ്ങൾ, അജണ്ട എന്നിവ പിന്നാലെ ലഭ്യമാക്കുന്നതാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർ

Signed by Priyanka G
Date: 28-12-2022 13:15:11